DESPATCHED
On. 20/2/2020

28.1.20

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ AP.No.1067(6)/2018/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.4476/SIC-Gen5/2018**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. എം. സുബാഷ് ബാബു,<br>ജാനകി സദനം,<br>എ.എൻ.ആർ.എ. 74,<br>പൗഡിക്കോണം പി.ഒ.,<br>തിരുവനന്തപുരം – 695 588 | അപ്പീൽ ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>അസിസ്റ്റന്റ് എഞ്ചിനീയർ, എഞ്ചിനീയറിംഗ് വിഭാഗം,<br>ശ്രീകാര്യം സോണൽ ഓഫീസ്,<br>തിരുവനന്തപുരം നഗരസഭ,<br>തിരുവനന്തപുരം.<br>2. അപ്പീൽ അധികാരി &<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>ശ്രീകാര്യം സോണൽ ഓഫീസ്,<br>തിരുവനന്തപുരം നഗരസഭ,<br>തിരുവനന്തപുരം. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 17/01/2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 05/02/2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 27/02/2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 10/04/2018 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 30/04/2018 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 30/04/2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 21/12/2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 26/12/2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 03/01/2020, 28/01/2020 – സംസ്ഥാന വിവരാവകാശ കമ്മീഷൻ ഓഫീസ്, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി – 28/01/2020<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. എം.സുബാഷ് ബാബു, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ഒരു മാസം പിന്നിട്ടിട്ടും യാതൊരു

വിവരവും ലഭിക്കാത്തതിനാൽ എതിർകക്ഷി ഓഫീസിൽ നേരിൽ ഹാജരായി അന്വേഷിച്ച പ്രകാരം ടിയാൻ ആവശ്യപ്പെട്ട രേഖയുടെ പകർപ്പിന് പേജൊന്നിന് 2/- രൂപ പ്രകാരം അടയ്ക്കാൻ നിർദ്ദേശിച്ചു എന്നും ആയതുപ്രകാരം തുക ഒടുക്കുവാൻ ചെന്നപ്പോൾ ബന്ധപ്പെട്ട ഫയൽ ടിയാനെ ഏൽപ്പിച്ചു ഫോട്ടോ കോപ്പി എടുത്തു തരാൻ ആവശ്യപ്പെട്ടു എന്നും ആയതുപ്രകാരം മേൽപ്പടി ഫയലിന്റെ ഫോട്ടോ കോപ്പി എടുത്തു നൽകി എന്നും എന്നാൽ മേൽപ്പടി ഫയലിന്റെ പകർപ്പ് ഒപ്പിട്ട് നൽകണമെന്നു ആവശ്യപ്പെട്ടുവെങ്കിലും ആയതുപ്രകാരമുള്ള നടപടി സ്വീകരിച്ചില്ല എന്നും ആയതിനാൽ ടിയാൻ അപ്പീൽ അപേക്ഷ നൽകിയെന്നും എന്നാൽ നാളിതുവരെ ടിയാൻ ആവശ്യപ്പെട്ട വിവരം ടിയാന് ലഭിച്ചിട്ടില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ശ്രീ. എം.സുരേഷ് ബാബു എന്നയാൾ പൗഡിക്കോണം സൊസൈറ്റി മുക്കിന് സമീപം അനധികൃതമായി കെട്ടിയ കെട്ടിടത്തിന്റെ പ്ലാനും അതിനെതിരെ നാളിതുവരെ സ്വീകരിച്ച മുഴുവൻ നടപടികളുടെയും രേഖകൾ നൽകണമെന്നാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം എതിർകക്ഷി നൽകിയില്ല എന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 5.2.2018 തീയതി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു എന്നും മേൽപ്പടി മറുപടിയുടെ പകർപ്പ് അപ്പീൽ മറുപടിയ്ക്കൊപ്പം ഉള്ളടക്കം ചെയ്യുന്നു എന്നുമാണ്.

3. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് ടിയാൻ ആവശ്യപ്പെട്ട രേഖകൾ പേജൊന്നിന് 2/- രൂപ നിരക്കിൽ ഫീസ് ഒടുക്കി കൈപ്പറ്റാവുന്നതാണെന്ന് ടിയാനെ അറിയിച്ചിരുന്നു എന്നും എന്നാൽ മേൽപ്പടി മറുപടി ലഭ്യമായിട്ടില്ല എന്നറിയിച്ച് ഹർജിക്കാരൻ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു എന്നും ആ സമയം അപ്പീൽ അധികാരി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയുടെ പകർപ്പ് ഹർജിക്കാരന് അയച്ചു നൽകി എന്നും എന്നാൽ ഹർജിക്കാരൻ ഫീസ് ഒടുക്കിയതായും പകർപ്പുകൾ നൽകിയതായും കാണാൻ കഴിഞ്ഞിട്ടില്ല എന്നും ഹർജിക്കാരൻ പകർപ്പുകൾ ആവശ്യപ്പെട്ടിട്ടുള്ള വിഷയം സംബന്ധിച്ച ഫയൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ട്രിബ്യൂണലിൽ നിലവിലുള്ള എ.പി./655/19-ാം നമ്പർ കേസ്സിന്റെ നടത്തിപ്പിനായി നഗരസഭ ചുമതലപ്പെടുത്തിയിട്ടുള്ള അഡ്വക്കേറ്റിന്റെ കൈവശം നൽകിയിട്ടുള്ളതാണെന്നും ഹർജിക്കാരന് പകർപ്പുകൾ ആവശ്യമുള്ളപക്ഷം അഡ്വക്കേറ്റിൽ നിന്നും ഫയൽ എടുത്ത് ഫീസ് ഒടുക്കുന്ന മുറയ്ക്ക് നൽകുന്നതാണെന്നുമാണ്.

4. കമ്മീഷൻ മുമ്പാകെ ഹിയറിംഗിനായി ഹാജരായ ഹർജിക്കാരൻ പ്രസ്താവിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി ഓഫീസിൽ ഹാജരായ അവസരത്തിൽ ഓഫീസ് ഫോട്ടോകോപ്പിയർ പ്രവർത്തനക്ഷമമല്ലെന്നും അതിനാൽ പുറമെ നിന്നും പകർപ്പെടുത്തു വരുവാൻ നിർദ്ദേശിച്ച് ബന്ധപ്പെട്ട ഫയൽ നൽകിയെന്നും ആ അവസരത്തിൽ കോപ്പി എടുത്തതിനൊപ്പം ഒരു കോപ്പി ടിയാൻ അധികമായി എടുത്തു എന്നും ഒരു കോപ്പി ഫയലിനൊപ്പം ഒന്നാം എതിർകക്ഷി മുമ്പാകെ

നൽകിയെന്നും കൂടുതലായി എടുത്ത കോപ്പി ടിയാന്റെ കൈവശമുണ്ടെന്നും (കമ്മീഷൻ മുമ്പാകെ ഹാജരാക്കി) എന്നാൽ ടിയാനെടുത്തു നൽകിയ കോപ്പി സാക്ഷ്യപ്പെടുത്തി നൽകിയില്ല എന്നും പല തവണ ടി ആവശ്യം ഉന്നയിച്ചെങ്കിലും അപ്രകാരമുള്ള നടപടി സ്വീകരിച്ചില്ല എന്നും ഒന്നാം അപ്പീൽ അധികാരി തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയാണ് അപ്പീൽ തീർപ്പാക്കിയതെന്നും ഫീസ് ഒടുക്കണമെന്നു നിർദ്ദേശിച്ചുള്ള അറിയിപ്പ് നാളിതുവരെ ലഭിച്ചിട്ടില്ലെന്നും നാളിതുവരെ ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭിക്കാത്തതിനാൽ ടിയാന് ധാരാളം കഷ്ടനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും 24.4.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച കത്തിൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ സാക്ഷ്യപ്പെടുത്തി നൽകിയില്ലെങ്കിൽ സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ ആക്ഷേപം ഉന്നയിക്കുമെന്നു ചൂണ്ടിക്കാട്ടിയിരുന്നു എന്നും ടി കത്ത് സോണൽ ഓഫീസ് കൈപ്പറ്റിയിട്ടുള്ളതാണെന്നും ടിയാൻ ആവശ്യപ്പെട്ട രേഖകൾ ഈ അവസരത്തിൽ ആവശ്യമില്ലെന്നും എന്നാൽ ഉചിതമായ നഷ്ടപരിഹാരം ടിയാന് എതിർകക്ഷി സ്ഥാപനത്തിൽ നിന്നും ഈടാക്കി നൽകണമെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പിനായി ഫീസ് ഒടുക്കേണ്ടത് സംബന്ധിച്ച അറിയിപ്പ് ഒന്നാം എതിർകക്ഷി നൽകിയിട്ടുള്ളതായി കാണുന്നില്ല. അത്തരത്തിലുള്ള അറിയിപ്പ് 5.02.2018 തീയതി അയച്ചു നൽകിയിരുന്നു എന്നു സ്ഥാപിക്കുന്ന രേഖകൾ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കുള്ളിൽ ഹാജരാക്കേണ്ടതാണ്. ഡെസ്പാച്ച് രജിസ്റ്റർ അടക്കമുള്ള പ്രസ്തുത രേഖകൾ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടില്ലെങ്കിൽ ഹർജിക്കാരന് ഒന്നാം എതിർകക്ഷി യാതൊരു അറിയിപ്പും നൽകിയിരുന്നില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടിയാനെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽ ഹാജരായി ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

6. ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾക്കായി ഹർജിക്കാരനോട് ഫോട്ടോകോപ്പി പുറമെ നിന്നും എടുത്തു കൊണ്ടു വരാൻ നിർദ്ദേശിച്ച പ്രകാരം ടിയാൻ ഫോട്ടോകോപ്പി എടുത്ത് ഒന്നാം എതിർകക്ഷി മുമ്പാകെ ഹാജരാക്കിയെങ്കിലും ടി രേഖകൾ സാക്ഷ്യപ്പെടുത്തി നൽകുവാൻ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി തയ്യാറായില്ല എന്നത് ഗുരുതരമായ വീഴ്ചയാണ്. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാന് ലഭിക്കാത്തതിനാൽ ടിയാന് അപരിഹാര്യമായ കഷ്ടനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടെന്നും അതിനാൽ ഉചിതമായ നഷ്ടപരിഹാരം നൽകണമെന്നുമുള്ള ടിയാന്റെ ആവശ്യം പരിഗണിച്ച് എന്തുകൊണ്ട് ഇക്കാര്യത്തിൽ തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും വിവരാവകാശ നിയമത്തിലെ 19(8)(ബി) വകുപ്പു പ്രകാരമുള്ള നഷ്ടപരിഹാരം ഈടാക്കി നൽകേണ്ടതില്ല എന്നതു സംബന്ധിച്ച് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി, കമ്മീഷൻ മുമ്പാകെ ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കകം വിശദീകരണം സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചില്ലെങ്കിൽ ഇക്കാര്യത്തിൽ കോർപ്പറേഷൻ സെക്രട്ടറിക്ക് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ

കമ്മീഷൻ നഷ്ടപരിഹാരം സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ കോർപ്പറേഷൻ സെക്രട്ടറിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽ കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്. മേൽക്കാര്യത്തിലേയ്ക്കായി ഈ ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി, തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയ്ക്ക് അയച്ചു കൊടുക്കേണ്ടതാണ്.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ജനുവരി 28–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us